(ഡി) പമ്പയിലും അച്ചൻകോവിലുമായി ഏകദേശം 3127 Mm3 ജലം മിച്ചം വരുമെന്നാണ് ദേശീയ ജല വികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പറയുന്നത്.

(ഇ) അതെ, ദേശീയ ജലവികസന ഏജൻസിയുടെ പഠന പ്രകാരം പമ്പ-അച്ചൻകോവിൽ നദികളെ അധിക ജലത്തിന്റെ 20 ശതമാനമായ 634 മില്യൺക്യൂബിക് മീറ്റർ അഥവാ 22.5 ടി.എം.സി. ജലം തമിഴ്നാട്ടിലെ വൈപ്പാർ മണ്ഡസിനിലേയ്ക്ക് തിരിച്ചു വിടാൻ സാധിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മത്സ്യത്തൊഴിലാളികളുടെ വീട് നന്നാക്കിക്കൊടുക്കുവാൻ പദ്ധതി

15 (*192) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ. :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ വീട് നന്നാക്കിക്കൊടുക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഓരോ വീടും പുതുക്കുന്നതിന് എന്തു തുക കൊടുക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം എത്ര വീടുകൾ നന്നാക്കുവാനാണ് പദ്ധതിയുള്ളത് എന്ന് വിശദമാക്കാമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ-സി) സ്ഥിരമായി പദ്ധതിയൊന്നുമില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് പ്രത്യേക ധനസഹായമായി അനുവദിക്കുന്ന വീടുകളുടെ റിപ്പയർ പണി നടത്താറുണ്ട്. 2004-05-ൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച 15 കോടി രൂപയിൽ, ഒരു വ്യക്തിക്ക് 20,000 രൂപ പ്രകാരം 1000 വീടുകൾ റിപ്പയർ ചെയ്യുന്നതിനായി മണ്ഡലം കോടി രൂപ ചെലവഴിക്കുന്നുണ്ട്.

ജലവിതരണ പദ്ധതി വിപുലീകരണം

16 (*193) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിൽ നിലവിലുള്ള ജലവിതരണ പദ്ധതികളിൽ നിന്നുള്ള ജലം ആവശ്യത്തിന് തികയാതെ വരുന്നുണ്ട് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly